(ബി) കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ വർഷം മുഴുവൻ അവശ്യ സാധനങ്ങൾ 20% വരെ വില കുറച്ച് നന്മ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുവരുന്നു. ഇവയിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്ന നന്മ സ്റ്റോറുകളും ഉൾപ്പെടുന്നു. കൂടാതെ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ഫെഡറേഷൻ നേരിട്ടും സഹകരണ സംഘങ്ങൾ മുഖേനയും വിലക്കയറ്റത്തിന് സാധ്യതയേറിയ ഉത്സവകാലങ്ങളിൽ പ്രത്യേക സബ്സിഡി വിപണന മേളകളും കാലാകാലങ്ങളിൽ സംഘടിപ്പിച്ചു വരുന്നു.

(സി) നിത്യോപയോഗ സാധനങ്ങൾ സാധാരണക്കാർക്ക് വില കുറച്ച് ലഭ്യമാക്കുന്നതിലേയ്ക്കായി നന്മ സ്റ്റോറുകൾ സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുണ്ട്. ഇവയിലൂടെ വർഷം മുഴുവൻ പൊതു വിപണിയെക്കാൾ വിലകുറച്ച് സാധനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(ഡി) വിലവർദ്ധനവിന് ഏറ്റവും സാധ്യതയുള്ള ഉത്സവകാലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നിന്നും 20% വരെ കുറഞ്ഞ നിരക്കിൽ സബ്സിഡി വിപണന മേളകളിലൂടെയും വർഷം മുഴുവനും 20% വിലക്കുറവിൽ നന്മ സ്റ്റോറുകളിലൂടെയും വിപണനം നടത്തുന്നതിലൂടെ പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് 15% മുതൽ 50% വരെ വിലകുറയുവാൻ ഇടയാക്കിയിട്ടുണ്ടെന്നും വിലയിരുത്തിയിട്ടുണ്ട്.

റെയിൽ വികസനത്തിനും ഗതാഗതത്തിനും സർവ്വേകൾ

8 (*38) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽ വികസനത്തിനും ഗതാഗതത്തിനും ഏറെ പ്രയോജനകരമാവുന്ന ഏതെല്ലാം സർവ്വേകൾ പൂർത്തീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ സർവ്വേ പൂർത്തിയാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ പ്രയോജനകരമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ സാധിക്കാത്തത് സംസ്ഥാന സർക്കാരിന്റെ അലംഭാവം കൊണ്ടുകൂടിയാണെന്ന ആക്ഷേപം നിലവിലുണ്ടോ ; നിലപാട് വ്യക്തമാക്കാമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ&ബി) പൂർത്തീകരിച്ചിട്ടുള്ള സർവ്വേകൾ ചുവടെ ചേർക്കുന്നു :

1. അങ്കമാലി-ശബരി
2. കണ്ണൂർ-മട്ടന്നൂർ
3. നിലമ്പൂർ-നഞ്ചൻകോട്
4. ഗുരുവായൂർ-തിരുനാവായ
5. കൊച്ചി-മധുര
6. തിരൂർ-അങ്ങാടിപ്പുറം
7. കൊല്ലങ്കോട്-തൃശ്ശൂർ
8. ഇടപ്പള്ളി-ഗുരുവായൂർ
9. ശബരിമല-ചെങ്ങന്നൂർ
10. തലശ്ശേരി-മൈസൂർ
11. അങ്ങാടിപ്പുറം-കോഴിക്കോട്
12. കാഞ്ഞങ്ങാട്-പാണത്തൂർ
13. മധുര-എറണാകുളം
14. എരുമേലി-പത്തനംതിട്ട-പുനലൂർ-തിരുവനന്തപുരം
15. എരുമേലി-പുനലൂർ-തിരുവനന്തപുരം
16. മധുര-കോട്ടയം
17. ചെങ്ങന്നൂർ-തിരുവനന്തപുരം (അടൂർ-കൊട്ടാരക്കര വഴി)
18. പാണത്തൂർ-കണിയൂർ പുതിയ പാത

LIBRARY ARCHIVES Kerala Legislative Assembly

19. കണിയൂർ-കുട്ടിക്കുളം പുതിയ പാത

20. തകഴി-തിരുവല്ല പുതിയ പാത

21. കണ്ണൂർ-മട്ടന്നൂർ പുതിയ പാത

22. തിരുവല്ല-റാന്നി-പമ്പ

23. കോഴിക്കോട്-ബേപ്പൂർ പുതിയ പാത

24. എറണാകുളം-ഷൊർണ്ണൂർ നാലാം പാത

25. പോടന്നൂർ-പാലക്കാട് മൂന്നാം പാത

26. കണ്ണൂർ-കണ്ണൂർ എയർപോർട്ട് ലിങ്ക്

27. ബാലരാമപുരം-വിഴിഞ്ഞം ഇറമുഖം (ഇറമുഖ അതോറിറ്റിയാണ് സർവ്വേ നടത്തുന്നത്)

28. അങ്ങാടിപ്പുറം-ഒറ്റപ്പാലം

29. ചെങ്ങന്നൂർ-തിരുവനന്തപുരം

30. ശബരിമല-ചെങ്ങന്നൂർ

31. ശബരി പാതയുടെ എക്സ്റ്റൻഷൻ-പുനലൂർ-തിരുവനന്തപുരം

32. ഷൊർണ്ണൂർ-മാംഗ്ലൂർ മൂന്നാം പാത

ഇതിൽ അങ്കമാലി ശബരി പാതയ്ക്ക് 5 കോടി രൂപയും തിരുനാവായ ഗുരുവായൂർ പാതയ്ക്ക് 1 കോടി രൂപയും 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിലമ്പൂർ നഞ്ചൻകോട് പാതയുടെ ചിലവിന്റെ 50% prorata share അടിസ്ഥാനത്തിൽ വഹിക്കാൻ സംസ്ഥാനം തയ്യാറാവുകയും 2014-15 ബഡ്ജറ്റിൽ 5 കോടി വകയിരുത്തുകയും ചെയ്തിരുന്നു. മുകളിൽ 2,5,6,7,9,10,13, 14,15,20,21,22,26 ക്രമനമ്പരുകളായുള്ള പ്രൊപ്പോസലുകൾ റെയിൽവേ ബോർഡ് shelve ചെയ്തിരിക്കുകയാണ്. ബാക്കി പ്രൊപ്പോസലുകളിൽ തുടർ നടപടികൾ സംബന്ധിച്ച് റെയിൽവേ ബോർഡിന്റെ തീരുമാനത്തിനായി കാത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരുവിധ അലംഭാവവും ഉണ്ടായിട്ടില്ല. നേരെ മറിച്ച് സംസ്ഥാനത്തിനായി പ്രഖ്യാപിക്കപ്പെട്ട സർവ്വേകൾ എല്ലാം എത്രയും പെട്ടെന്ന് പൂർത്തിയാക്കി റെയിൽവേ ലൈനുകൾ എത്രയുംവേഗം സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ എല്ലാ വർഷങ്ങളിലേയും റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സമർപ്പിച്ചു വരുന്ന വിശദമായ മെമ്മോറാണ്ടങ്ങളിൽ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 2015-16-ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാനത്തെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിലും വീണ്ടും ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഊർജ്ജ ഉപഭോഗം

9 (*39) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഊർജ്ജ ഉപഭോഗം വിശേഷിച്ചും വേനൽക്കാലത്ത് ക്രമാതീതമായി വർദ്ധിക്കുന്നത് നേരിടാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ സമയത്തെ വർദ്ധിച്ച ഉപഭോഗത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(സി) വേനൽക്കാലത്തും ഏറ്റവും തിരക്കേറിയ സമയങ്ങളിലും തീർത്തും ആഡംബരാവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നതു നിയന്ത്രിക്കാൻ എന്തൊക്കെ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഈ വേനൽക്കാലത്ത് വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് സംസ്ഥാനത്തെ ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിന് താഴെപ്പറയുന്ന നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ടായിരുന്നു:

LIBRARY ARCHIVES Kerala Legislative Assembly